**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3560** **12.05.2017-ൽ മറുപടിക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതന വ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെൻറ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2017-ൽ നാളിതുവരെ 12794 സ്ഥാപന പരിശോധനകൾ നടത്തുകയും 149 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും ടി നിയമത്തിലെ സെക്ഷൻ 20 (1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടുമുള്ള ഭേദഗതി ബിൽ നിയമസഭ പാസാക്കി ബഹു.പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

(ബി) ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് 75 മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(സി) പുതുതായി ഏതെല്ലാം മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്, വിശദമാക്കുമോ?

(സി) പുതിയതായി 'മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്', ഏട്വെയർ മാനുഫാക്ച്ചറിംഗ്, ഫോട്ടോഗ്രാഫി ആൻറ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി. എന്നീ 6 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തുകയും മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫോട്ടോഗ്രാഫി ആൻറ് വീഡിയോഗ്രാഫി എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഏട്വെയർ മാനുഫാക്ച്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിലേക്കായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേബിൾ ടി.വി മേഖലയിലെ മിനിമം വേതനം നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ പുതുതായി ചെറുകിട തോട്ടങ്ങളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുത്താനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## സംസ്ഥാനത്ത് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള മേഖലകൾ

| ക്രമ. നം. | തൊഴിൽ മേഖല |
|---|---|
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 2 | ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി |
| 3 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 4 | ഓയിൽമിൽ |
| 5 | എൽ.പി.ഗ്യാസ് |
| 6 | ഷോപ്പ്സ് ഹോട്ടൽ ആന്റ് റസ്റ്റാറന്റ് |
| 7 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 8 | ഹാന്റ്ലൂം ആന്റ് ഡെയ്‌ലി പീസ് റേറ്റ്സ് എംപ്ലോയീസ് |
| 9 | മൈനർ എഞ്ചിനീയറിംഗ് |
| 10 | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് |
| 11 | ഖാദി ഇൻഡസ്ട്രീസ് |
| 12 | ഡൊമസ്റ്റിക് വർക്സ് |
| 13 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് |
| 14 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 15 | സിനിമാ തീയറ്ററുകൾ |
| 16 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര |
| 17 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി |
| 18 | ഹാന്റ്ലൂം കം മന്ത്‌ലി പെയ്ഡ് എംപ്ലോയീസ് |
| 19 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 20 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ |
| 21 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് |
| 22 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് |

| | |
|---|---|
| 23 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 24 | ടോഡി ടാപ്പിംഗ് |
| 25 | കുടനിർമ്മാണം |
| 26 | റിവർ സാന്റ് കളക്ഷൻ |
| 27 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 28 | മൈനർ പോർട്ട് |
| 29 | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് |
| 30 | ഫോറസ്റ്റ് |
| 31 | സ്ക്രീൻ പ്രിന്റിംഗ് |
| 32 | ട്രീ ക്ലൈംബിംങ് |
| 33 | ഹാന്റിക്രാഫ്റ്റ് |
| 34 | പെട്രോൾപമ്പ് |
| 35 | മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 36 | ടിംബർ കട്ടിംഗ് |
| 37 | സെക്യൂരിറ്റി സർവ്വീസ് |
| 38 | ഇലക്ട്രോണിക് ഇൻഡസ്ട്രി |
| 39 | ടെലിംഫിലിം ആന്റ് മോഷൻ പിക്ചർ |
| 40 | ബ്രിക്സ് മാനുഫാക്ചറിംഗ് |
| 41 | തീപ്പെട്ടി വ്യവസായം |
| 42 | പവർലൂം |
| 43 | അലുമിനിയം ആന്റ് ടിൻ പ്രോഡക്ട് |
| 44 | ചാർട്ടേഡ് അക്കൗണ്ട് ആഫീസുകൾ |
| 45 | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |
| 46 | ഇലക്ട്രിക് എക്വിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്ഫ്റ്റ് വെയർ സിസ്റ്റം |

| | |
|---|---|
| 47 | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് |
| 48 | പ്ലാസ്റ്റിക് ഇൻഡസ്ട്രി |
| 49 | പ്രൈവറ്റ് ടെംപിൾസ് |
| 50 | സോപ്പ് മാനുഫാക്ചറിഗ് |
| 51 | ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് |
| 52 | വാട്ടർബോട്ട് ട്രാൻസ്പോർട്ട് |
| 53 | കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് |
| 54 | ഡയമ് കട്ടിംങ് ആന്റ് പോളിഷിംഗ് |
| 55 | ഹോസിയറി മാനുഫാക്ചറിംഗ് |
| 56 | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി |
| 57 | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 58 | സ്റ്റാർ ഹോട്ടൽ |
| 59 | കയർ ഇൻഡസ്ട്രി |
| 60 | ഓയിൽപാം |
| 61 | പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 62 | ബ്രൂവറീസ് |
| 63 | ടൈൽ ഇൻഡസ്ട്രി |
| 64 | കാഷ്യൂ ഇൻഡസ്ട്രി |
| 65 | റബ്ബർ ക്രേപ്പ് മിൽസ് |
| 66 | പ്ലാന്റേഷൻസ് |
| 67 | ഹോസ്റ്റൽസ് |
| 68 | ഐസ് ഫാക്ടറീസ് |
| 69 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |
| 70 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |

| | |
|---|---|
| 71 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 72 | പ്രിന്റിംഗ് പ്രസസ് |
| 73 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 74 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ |
| 75 | മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് |